● കവർസ്റ്റോറി

ഇൻസാഫ്

# ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നത്

**ഇന്ത്യയിൽ,** പ്രത്യേകിച്ച് കേരളത്തിൽ ഏറ്റവുമധികം വിമർശനങ്ങൾക്കും എതിർപ്പുകൾക്കും ശരവ്യമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഇന്നും ശക്തിയോടെ ഇത് തുടരുന്നു. ജമാഅത്തിന്റെ വിമർശകരിൽ മതയാഥാസ്ഥിതികരും പരിഷ്കരണവാദികളും മതതീവ്രവാദികളും കമ്യൂണിസ്റ്റുകളും സെക്യുലരിസ്റ്റുകളും ഭൗതികവാദികളും എല്ലാമുണ്ട്. എന്നു മാത്രമല്ല, ഈ വിവിധ ആശയക്കാരെല്ലാം അത്ഭുതകരമാംവിധം ഒന്നിച്ചുനിൽക്കുന്ന ഒരു പ്രതലമാണ് ഇന്ന് ജമാഅത്ത്‌വിമർശനം. അംഗബലത്തിൽ നിസ്സാരമെന്ന് എതിരാളികൾ തന്നെ പരിഹസിക്കുന്ന ഈ പ്രസ്ഥാനം ഇങ്ങനെ 'ടാർഗറ്റ്' ചെയ്യപ്പെടാൻ കാരണമെന്തായിരിക്കും?

മൂന്ന് പ്രധാന കാരണങ്ങളാണ് കാണാൻ കഴിയുന്നത്: ഒന്ന്, മതം വേറെ, രാഷ്ട്രീയം ഉൾപ്പെടെയുള്ള ജീവിതവ്യവഹാരങ്ങൾ വേറെ എന്ന് വിശ്വസിക്കുന്ന ഇതര മത, രാഷ്ട്രീയ സംഘടനകളിൽനിന്ന് തീർത്തും വ്യതിരിക്തമായ ജമാഅത്തിന്റെ ദാർശനിക നിലപാട്. രണ്ട്, കേരളീയ സമൂഹത്തിൽ ഈ സംഘടനയും അതിന്റെ മാധ്യമങ്ങളും നടത്തുന്ന നിർണായകമായ ഇടപെടലുകൾ. മൂന്ന്, ഉറച്ച ഒരു ദാർശനികാടിത്തറയിൽനിന്നുകൊണ്ട് മത, രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നേരെ ജമാഅത്ത് നടത്തുന്ന മുഖം നോക്കാതെയുള്ള വിമർശനങ്ങൾ.

ജമാഅത്തിന്റെ നിലപാടുകൾ കേരളീയ സമൂഹത്തിൽ കൂടുതൽ കൂടുതൽ സ്വീകാര്യമാവുന്നു എന്ന തോന്നലിൽനിന്നാണ് 'ഈ സംഘടന അത്യന്തം അപൽക്കാരിയാണ്' എന്ന മുറവിളി കൂടുതൽ ശക്തിയോടെ ഉയർന്നുകേൾക്കുന്നത്.

ജമാഅത്ത് വിമർശകരെ പൊതുവിൽ രണ്ട് വിഭാഗമായി തിരിക്കാം: മതക്കാർ, മതേതരർ. മതക്കാരുടെ കൂട്ടത്തിൽ ഒരിക്കലും അണയാത്ത വാശിയോടെ ഈ അജണ്ട കൊണ്ടുനടക്കുന്നത്, ഇസ്‌ലാമിൽ രാഷ്ട്രീയമുണ്ടോ എന്ന് ഇപ്പോഴും അമ്പരക്കുന്ന 'ഉൽപതിഷ്ണു' വിഭാഗമാണ്. ആരാധനാകാര്യങ്ങളിലെ ശിർക്ക്-ബിദ്അത്ത് ഇല്ലാതാവുന്നതോടെ ദീൻ പൂർണമായി എന്നാണ് ഇവരുടെ വിശ്വാസം. ഇസ്‌ലാമിനെക്കുറിച്ച കാഴ്ചപ്പാടിലുള്ള ഇടുക്കം ഇവരുടെ സംഘടനാനിലപാടുകളിലും കാണാം. വിമർശനമാണ് സംഘടനാ പ്രവർത്തനത്തിന്റെ മുഖ്യ മുഖം. ഇതിന്റെ ഏറ്റവും മോശമായ രൂപമാണ് സംഘടന പിളർന്നപ്പോൾ പ്രബുദ്ധകേരളം കണ്ടത്. പിളർന്നുണ്ടായ ഇരു ഗ്രൂപ്പുകളും മറ്റെല്ലാ കാര്യങ്ങളിലുമെന്ന പോലെ ജമാഅത്ത് വിമർശനത്തിലും കടുത്ത മത്സരമാണ്. 'മതരാഷ്ട്രവാദ'ത്തോട് അങ്ങേയറ്റത്തെ അലർജിയാണിവർക്ക്. പക്ഷേ, ലോകത്തിലെ അറിയപ്പെടുന്ന ഒരു മതാധിഷ്ഠിത രാജാധിപത്യ ഭരണകൂടത്തോടുള്ള ഇവരുടെ വിധേയത്വം പലർക്കും അറിവുള്ളതാണ്.

മേൽപറഞ്ഞ വിഭാഗത്തെക്കൂടാതെ മതക്കാരുടെ കൂട്ടത്തിൽതന്നെ, രാഷ്ട്രീയപരമോ സംഘടനാപരമോ വ്യക്തിപരമോ ആയ കാരണങ്ങളാൽ ജമാഅത്തിന്റെ കൊടിയ വിരോധികളായി മാറിയ പലരെയും കാണാൻ കഴിയും.

മതേതരന്മാരുടെ കൂട്ടത്തിൽ കമ്യൂണിസ്റ്റുകാർ, യുക്തിവാദികൾ തുടങ്ങിയ ശുദ്ധ മതവിരുദ്ധരും സെക്യുലരിസ്റ്റുകൾ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ചില പുരോഗമന ബുദ്ധിജീവികളും ഉൾപ്പെടുന്നു. ഇവർ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ പ്രയാസമാണ് പലപ്പോഴും. ജമാഅത്തെ ഇസ്‌ലാമിയോട് ഇക്കൂട്ടർക്ക് വിരോധമുണ്ട്. പക്ഷേ, അതിനേക്കാളേറെ വിരോധം ജമാഅത്ത് ഉന്നയിക്കുന്ന ഇസ്‌ലാമിന്റെ സമഗ്ര വിഭാവനയോടാണ്. 'മതരാഷ്ട്രവാദ വിമർശനം' എന്ന പുതിയ കുപ്പിയിൽ പഴയ ശരീഅത്ത് വിരോധം തന്നെയാണ് ഇവർ വിറ്റഴിക്കാൻ ശ്രമിക്കുന്നത്. ഇസ്‌ലാമിനെ നേർക്കുനേരെ ആക്രമിക്കാൻ ത്രാണിയില്ലാത്തതുകൊണ്ട് 'മൗദൂദിസ'ത്തിന്റെ മറവിൽ അവർ അത് ചെയ്യാൻ ശ്രമിക്കുന്നുവെന്ന് മാത്രം.

വിചിത്രമെന്നു പറയട്ടെ, നേരത്തേ പറഞ്ഞ ചില മുസ്‌ലിം മതസംഘടനകളുടെ ഉദാരമായ പിന്തുണയുടെ തണലിലാണ് ഇവരിൽ പലരും ഇപ്പോൾ ജമാഅത്ത്‌വിരോധം വിൽക്കുന്നത്. മതത്തിന്റെ വിപണന മൂല്യം മതക്കാരേക്കാളേറെ നന്നായി തിരിച്ചറിയുന്നവരാണ് ഇവർ. ആളും അർഥവും കൈയിലുള്ള ഏതെങ്കിലും മതസംഘടനയുടെ അരികുചേർന്ന് നിൽക്കുന്നതാണ് ഇന്നത്തെ ചുറ്റുപാടിൽ എന്തുകൊണ്ടും ഗുണകരമെന്ന് അവർ മനസ്സിലാക്കുന്നു. ഇവരുടെ 'അവസരവാദ ബുദ്ധിജീവിതം' ജമാഅത്തിന്റെ തത്ത്വാധിഷ്ഠിത നിലപാടുകളുമായി പൊരുത്തപ്പെട്ടുപോകാത്ത സ്ഥിതിക്ക് ഇവർ ജമാഅത്ത്‌വിരുദ്ധ ചേരിയിൽ നിലയുറപ്പിച്ചിരിക്കുന്നത് സ്വാഭാവികം മാത്രം.

ഇത്രയും പറഞ്ഞത് വിമർശകരെക്കുറിച്ച്. ഇനി വിമർശനത്തിന്റെ പൊതുവായ രീതിശാസ്ത്രം എന്താണെന്ന് നോക്കാം. അത്ഭുതകരമായ സമാനത ഇവിടെയും വിവിധ ചിന്താഗതിക്കാരായ വിമർശകർക്കിടയിൽ കാണാൻ കഴിയും.

ആടിനെ പട്ടിയാക്കുക, എന്നിട്ട് തല്ലിക്കൊല്ലുക എന്നൊരു ഏർപ്പാടുണ്ടല്ലോ. ഇതാണ് ജമാഅത്ത് വിമർശനത്തിന്റെ സാധാരണ രീതി. അബുൽഅഅ്‌ലാ മൗദൂദിയാണ് വിമർശകരുടെ മുഖ്യ ഇര അഥവാ ആയുധം. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ബീജാവാപം നൽകിയതും അതിന് ശക്തമായ ദാർശനികാടിത്തറ പണിതതും മൗദൂദിയാണ് എന്നത് മാത്രമല്ല ഇതിനു കാരണം (1941-ലാണ് അവിഭക്ത ഇന്ത്യയിൽ മൗദൂദി ജമാഅത്തെ ഇസ്‌ലാമി സ്ഥാപിച്ചത്. വിഭജനത്തിനു ശേഷം, 1950-കളിലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഒരു സ്വതന്ത്ര സംഘടനയായി രൂപീകൃതമാവുന്നത്). ജനാധിപത്യ, മതനിരപേക്ഷ ഇന്ത്യയുടെ ഭൂമികയിൽനിന്നുകൊണ്ട് മൗദൂദിയുടെ സാർവലൗകിക ഇസ്‌ലാമിക ചിന്തയെ വിമർശിക്കാനും ദുർ

വ്യാഖ്യാനം ചെയ്യാനും വളരെ സൗകര്യമുണ്ട് എന്നതാണ് ജമാഅത്ത് വിമർശനം ഫലത്തിൽ മൗദൂദി ഭർത്സനമായി പരിണമിക്കുന്നതിന്റെ ഗുട്ടൻസ്.

വിമർശനത്തിന്റെ രീതി ഇങ്ങനെ: മതേതരത്വം, ദേശീയത, ജനാധിപത്യം, ഇസ്‌ലാമിക രാഷ്ട്രം തുടങ്ങിയ സങ്കൽപങ്ങളെക്കുറിച്ച മൗദൂദിയുടെ വീക്ഷണങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത്, ഉദ്ധരിച്ച് ഇന്ത്യയിൽ ഇസ്‌ലാമിക ഭരണം സ്ഥാപിക്കലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം എന്ന് വരുത്തിത്തീർക്കുക. ഇസ്‌ലാമിൽ മതവും രാഷ്ട്രവും അവിഭാജ്യമാണ് എന്ന കാഴ്ചപ്പാട് മൗദൂദിയുടെ കണ്ടുപിടിത്തമാണ് എന്ന മട്ടിലാണ് 'മതരാഷ്ട്രവാദ വിമർശന'ത്തിന്റെ പോക്ക്. ഇന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞ ഇസ്‌ലാമിന്റെ സമഗ്രതയിൽ സംശയം ജനിപ്പിക്കലാണ് ഈ വിമർശനരീതിയുടെ യഥാർഥ ഉന്നം.

കുടുംബം, സമൂഹം, സദാചാരം, വിദ്യാഭ്യാസം, വ്യക്തിസംസ്കരണം, സാമ്പത്തിക-സാംസ്കാരിക ജീവിതം തുടങ്ങി നാനാമുഖമായ മേഖലകളെക്കുറിച്ച് ഇസ്‌ലാമിക കാഴ്ചപ്പാടിൽനിന്നുകൊണ്ട് മൗദൂദി നടത്തിയ വിശകലനങ്ങളെ പാടേ അവഗണിച്ച്, രാഷ്ട്രീയവും ഭരണസ്ഥാപനവുമാണ് 'മൗദൂദിസ'ത്തിന്റെ ആകത്തുക എന്ന നിഗമനത്തിൽ ഈ വിമർശനപടുക്കൾ സൗകര്യപൂർവം എത്തിച്ചേരുന്നു. 'ഇസ്‌ലാമിക ഭരണം സ്ഥാപിക്കുക എന്ന അങ്ങേയറ്റം ആപത്കരവും പ്രതിലോമകരവുമായ ഒരു ആശയം ഉയർത്തിപ്പിടിക്കുന്ന ജമാഅത്തെ ഇസ്‌ലാമി'യെ ഇന്ത്യയിൽ എങ്ങനെ വെച്ചുപൊറുപ്പിക്കും എന്നതാണ് അടുത്ത ചോദ്യം.

ഇതിനൊക്കെ പലതവണ മറുപടി നൽകപ്പെട്ടുകഴിഞ്ഞതാണ്. ഇനിയും ജമാഅത്തിന്റെ പക്ഷത്തുനിന്ന് മറുപടികളുണ്ടായിക്കൊണ്ടേയിരിക്കും. ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാം: സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് മൗദൂദിയെ അപഗ്രഥിക്കുന്നത് ആശയക്കുഴപ്പത്തിനിടയാക്കും (ഇതാണ് വിമർശകർക്ക് വേണ്ടതും). ജനാധിപത്യ, മതേതര ഇന്ത്യയുടെ പരിസരത്തുനിന്നുകൊണ്ടല്ല മൗദൂദി ചിന്തിച്ചതും പ്രവർത്തിച്ചതും. അവിഭക്ത ഇന്ത്യ അന്ന് ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലായിരുന്നു. പടിഞ്ഞാറിന്റെ രാഷ്ട്രീയാധിപത്യത്തിൽ ഞെരിഞ്ഞമരുന്ന ഒരു മുസ്‌ലിംലോകത്തിന്റെ ചിത്രമാണ് ഇസ്‌ലാമിക ദാർശനികനായ മൗദൂദിയുടെ കൺമുമ്പിൽ ഉണ്ടായിരുന്നത്. പാശ്ചാത്യ ചിന്തയുടെയും ദർശനങ്ങളുടെയും മുന്നിൽ വിറങ്ങലിച്ചു നിൽക്കുന്ന ഇസ്‌ലാമിക ചിന്തയും. ദേശീയ പ്രശ്നങ്ങളെ അദ്ദേഹം വീക്ഷിച്ചതുപോലും ഈ ആഗോള പരിസരത്തുനിന്നുകൊണ്ടാണ്. പടിഞ്ഞാറൻ ഭൗതികസംസ്കാരത്തിന്റെ ദാർശനികാടിത്തറകളെ ശാസ്ത്രീയമായും യുക്തിഭദ്രമായും വിമർശനവിധേയമാക്കി, ഇസ്‌ലാമിനെ ഒരു ബദൽ ദർശനവും വ്യവസ്ഥിതിയുമായി അവതരിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് മൗദൂദി നിറവേറ്റിയത്. മതേതരത്വം, ജനാധിപത്യം, ദേശീയത എന്നീ പടിഞ്ഞാറൻ സങ്കൽപങ്ങളെ അദ്ദേഹം വിമർശിച്ചതും ഈ ചിന്താസരണിയുടെ ഭാഗമായിട്ടുവേണം മനസ്സിലാക്കാൻ. വർഷങ്ങൾ കഴിഞ്ഞ്, സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടാൻ പോകുന്ന സവിശേഷമായ മതനിരപേക്ഷ, ജനാധിപത്യ സംവിധാനം അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിലുണ്ടാവുക സാധ്യമായിരുന്നില്ലല്ലോ. എന്നിരിക്കെ, മതേതര ഇന്ത്യയുടെ പശ്ചാത്തലത്തിൽ നിർത്തി മൗദൂദിയെ വിമർശിക്കുന്നതും അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ അപ്പാടെ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ ആരോപിക്കുന്നതും ബുദ്ധിപരമായ കാപട്യമല്ലേ?

ഇന്ത്യൻ ജനാധിപത്യത്തോടും മതനിരപേക്ഷതയോടുമുള്ള ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് വിലയിരുത്തേണ്ടത് അതിന്റെ ഭരണഘടനയും നയനിലപാടുകളും വെച്ചുകൊണ്ടാണ്. വിഭജനാനന്തരം പാകിസ്താനിലേക്ക് താമസം മാറ്റിയ മൗദൂദിക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണത്തിലോ അതിന്റെ നയനിലപാടുകൾ തീരുമാനിക്കുന്നതിലോ യാതൊരു പങ്കുമുണ്ടായിരുന്നില്ല എന്നാണ് ഈ ലേഖകന്റെ അറിവ്. 'മൗദൂദിസം' എന്നൊന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ നിഘണ്ടുവിൽ ഇല്ല. ഇസ്‌ലാമാണ് അതിന്റെ ദാർശനികാടിത്തറ. സമകാലിക ലോകത്തോട് സംവദിക്കാനുതകുന്നവിധം ഈ അടിത്തറ കെട്ടിപ്പടുക്കുന്നതിൽ മൗദൂദിയോടുള്ള കടപ്പാട് ജമാഅത്തെ ഇസ്‌ലാമിക്ക് നിഷേധിക്കാനാവില്ല. അതിനർഥം, മൗദൂദിയെ ഈ സംഘടന വള്ളിപുള്ളി പിന്തുടരുന്നുവെന്നല്ല. ഇന്ത്യയുടെ സാഹചര്യങ്ങൾക്കനുസൃതമായി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ നയനിലപാടുകൾ നിരന്തരം പുനഃപരിശോധിക്കുകയും തിരുത്തേണ്ടത് എന്ന് തോന്നിയവ തിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രക്രിയ ഇനിയും തുടരുമെന്നാണ് മനസ്സിലാക്കേണ്ടത്.

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പുറത്തിറക്കുന്ന പുസ്തകങ്ങൾ മുഴുവൻ ജമാഅത്തിന്റെ 'അഖീദ'യാണെന്ന് സാമാന്യ വിവരമുള്ള ഒരാളും പറയുകയില്ല. മൗദൂദിയുടെ കാര്യത്തിലും ഇപ്പറഞ്ഞതു തന്നെയാണ് ശരി. മൗദൂദികൃതികളുടെ വൈജ്ഞാനികവും ചിന്താപരവുമായ പ്രസക്തി ഒരാൾക്കും നിഷേധിക്കാനാവില്ല. ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്ന ആർക്കും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെ അവഗണിക്കാനാവില്ല. മൗദൂദിയുടെ കൃതികൾ ജമാഅത്തെ ഇസ്‌ലാമി ഇപ്പോഴും പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിൽ, അതിന് വേറെ വിശദീകരണം തേടേണ്ട ആവശ്യമില്ല. മൗദൂദി വിമർശനങ്ങൾക്ക് അതീതനല്ല. അദ്ദേഹത്തിന്റെ ചിന്തകളെയും വീക്ഷണങ്ങളെയും ആധാരമാക്കിയുള്ള ബുദ്ധിപരമായ സംവാദങ്ങൾ സ്വാഗതം ചെയ്യപ്പെടേണ്ടതുമാണ്. ദൗർഭാഗ്യവശാൽ ഇത്തരം സംവാദങ്ങളല്ല, ദുരുപദിഷ്ടമായ മൗദൂദിവിരുദ്ധ പ്രോപഗണ്ടയാണ് ഇന്ന് നടക്കുന്നതിലേറെയും.

ഇസ്‌ലാമിന്റെ ദാർശനികാടിത്തറയിൽനിന്നുകൊണ്ട് സമകാലിക പ്രശ്നങ്ങളോട് യുക്തിഭദ്രമായി പ്രതികരിക്കാൻ കഴിയുന്നുവെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ എന്നത്തെയും ശക്തി. എതിരാളികൾ പലപ്പോഴും നിഷ്പ്രഭരാവുന്നതും ഈ കരുത്തിന്റെ മുന്നിലാണ്. എതിർപ്പുകളുടെ മലവെള്ളപ്പാച്ചിലിലും ഈ കൊച്ചു പ്രസ്ഥാനം അടിപതറാതെ പിടിച്ചുനിൽക്കുന്നതിന്റെ രഹസ്യവും മറ്റൊന്നാവാൻ വഴിയില്ല. ജനപക്ഷത്തുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെയാണ് ജമാഅത്തെ ഇസ്‌ലാമി ഇന്ന് വിമർശകർക്ക് ക്രിയാത്മകമായി മറുപടി നൽകിക്കൊണ്ടിരിക്കുന്നത്. തീവ്രവാദത്തിന് ഊർജം പകരുന്നുവെന്ന് ആക്ഷേപിക്കപ്പെടുന്ന ഈ സംഘടന അതിന്റെ അണികളിൽ അറിയപ്പെടുന്ന ഒരു തീവ്രവാദിക്കും ഇന്നേവരെ ജന്മം നൽകിയിട്ടില്ല എന്നത് എതിരാളികളെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. മതതീവ്രവാദം കൊണ്ടുനടക്കുന്ന സംഘടനകളും തീവ്രവാദവിരോധം കൊട്ടിഘോഷിക്കുന്ന സംഘടനകളും ഒരുപോലെ ജമാഅത്തെ ഇസ്‌ലാമിയെ എതിർക്കുന്നത് എന്തുകൊണ്ട് എന്നാലോചിച്ചാൽ മതി, അതിനെതിരെ ഉന്നയിക്കപ്പെടുന്ന പല ആരോപണങ്ങളുടെയും പൊള്ളത്തരം മനസ്സിലാക്കാൻ. ■